**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഉദ്യോഗാർത്ഥികൾ നടത്തിയ സമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് 2021 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ വിവിധ പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നടത്തിയ സമരം അവസാനിപ്പിക്കുന്നതിന് സർക്കാർ നൽകിയ ഉറപ്പുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് 2021 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ വിവിധ പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നടത്തിയ സമരം അവസാനിപ്പിക്കുന്നതിന് സർക്കാർ നൽകിയ ഉറപ്പുകൾ ചുവടെ ചേർക്കുന്നു. 2021 ഓഗസ്റ്റ് നാലിന് അവസാനിക്കുന്ന എൽ ജി എസ് തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതിനായി അന്നേദിവസം വരെ ഉണ്ടാകുന്ന ഒഴിവുകൾ സ്പാർക്ക് സംവിധാനം മുഖേന കണ്ടെത്തി പ്രതീക്ഷിത ഒഴിവുകളായി (Anticipated Vacancies) പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിൽ ലഭിക്കേണ്ട അർഹമായ സ്ഥാനക്കയറ്റം നൽകിക്കൊണ്ട് അതുമൂലം പ്രവേശനതസ്തികയിൽ (entry cadre) ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും. കോടതി വ്യവഹാരങ്ങൾ മൂലമോ ഭരണപരമായ തടസ്സങ്ങൾ മൂലമോ ഉയർന്ന തസ്തികകളിലേക്ക് സ്ഥാനക്കയറ്റത്തിന് തടസമുണ്ടെങ്കിൽ അവ കണ്ടെത്തി താത്കാലിക പ്രൊമോഷൻ (Provisional Promotion) നൽകിക്കൊണ്ടും എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യും. സർക്കാർ വകുപ്പുകളിൽ നൈറ്റ് വാച്ച്മാൻ മാരുടെ ജോലിസമയം 8 മണിക്കൂറാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത ഉറപ്പുകളിൽ ഏതെല്ലാം പാലിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഉറപ്പുകൾ പ്രവർത്തികമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (ബി) | 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട് . സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസുകൾ എന്നിവ മൂലം റെഗുലർ പ്രൊമോഷനുകൾ തടസ്സപ്പെട്ട് എൻട്രി കേഡറിൽ ഒഴിവുകൾ |

| | | | |
|---|---|---|---|
| | | | പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസുകൾ കണ്ടെത്തി അവ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേക്ക് താൽക്കാലികമായി തരംതാഴ്ത്തി (de-cadre/downgrade), പി.എസ്.സി മുഖേന നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം കണക്കാക്കി അത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ 08-06-2021 ലെ സ.ഉ.(കൈ)നം.13/2021/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നൈറ്റ് വാച്ച്മാൻ മാരുടെ ജോലിസമയം 16 മണിക്കൂറിൽ നിന്ന് 8 മണിക്കൂറായി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ